(11) എൽത്തുരുത്തിലെ തോണിയപകടം

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: സർ, ശനിയാഴ്ച തൃശ്ശൂരിൽ എൽത്തുരുത്തിനടുത്ത് ഒരു തോണി മറിഞ്ഞതിന്റെ ഫലമായിട്ടുണ്ടായ ഭാരുണമായ സംഭവം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. മരിച്ചവരിൽ സെന്റ് മേരീസ് മൊണാസ്ട്രിയിലെ പുരോഹിതനും സെന്റ് അലോഷ്യസ് കോളേജിലെ ഫിസിക്സ് പ്രൊഫസറുമായ റവറൻറ് ഫാദർ ജോസ് വട്ടോലിയും സെന്റ് അലോഷ്യസ് കോളേജിലെ വൈദിക വിദ്യാർത്ഥികളായ അഞ്ച് പ്രീഡിഗ്രി വിദ്യാർത്ഥികളുമാണ് ഈ അത്യാഹിതത്തിൽ മരണമടഞ്ഞത്. 5 വൈദിക വിദ്യാർത്ഥികളും ഉൾപ്പെടെ ഇരുപത്തിയഞ്ചോളം വിദ്യാർത്ഥികളും പ്രൊഫസർ ഫാദർ വട്ടോലിയുടെ നേതൃത്വത്തിൽ എൽത്തുരുത്തിനപ്പുറത്തുള്ള നെടുമ്പുഴ കടന്ന് ഓടന്നൂരിൽ സ്ഥിതിചെയ്യുന്ന അമ്മംകുന്നിലേക്ക് ഒരു വിനോദയാത്ര പോകുകയായിരുന്നു. ഒരു കോൾപ്പാടത്തിന്റെ മദ്ധ്യത്തിൽക്കൂടി പോകുന്ന കാലിൽക്കൂടിയാണ് ഒരു ചെറിയ തോണിയിൽ ഒൻപതുപേരടങ്ങുന്ന ഈ സംഘം സഞ്ചരിച്ചിരുന്നത്. തോണി മുങ്ങിയാണ് അപകടം സംഭവിച്ചിരിക്കുന്നത്. ഇതിനുമുമ്പ് പലപ്പോഴും അവിടെ അപകടമരണങ്ങൾ ഉണ്ടായിട്ടുണ്ട്. രണ്ടു വർഷംമുമ്പ് അവിടത്തെ ഒരു അച്ചൻ തോണിമറിഞ്ഞ് മരിക്കുകയുണ്ടായി. അതിനുമുമ്പും അവിടെ തോണിമറിഞ്ഞ് മരണങ്ങൾ ഉണ്ടായിട്ടുണ്ട്. എൽത്തുരുത്തും നെടുംപുഴയുമായി ബന്ധിപ്പിക്കുന്നതിനു വേണ്ടി ഈ തോടിന് ഒരു പാലം നിർമ്മിക്കണമെന്ന് സെന്റ് അലോഷ്യസ് കോളേജിലെ അധികൃതരും ആ പ്രദേശത്തുള്ള ആളുകളും നെടുമ്പുഴയിലുള്ളവരുമൊക്കെ കൊല്ലങ്ങളായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ പാലംമാത്രം നിർമ്മിച്ചാൽ പോര. ഈ രണ്ടു പ്രദേശങ്ങളുമായി ബന്ധിപ്പിക്കുന്നതിന് റോഡ് നിർമ്മിക്കേണ്ടതും ആവശ്യമാണ്. ഇത് ഗവൺമെന്റിന്റെ പ്രൊപ്പോസലിലുള്ള ഒരു കാര്യമാണ്. നിരന്തരമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന ഈ അത്യാഹിതം ഒഴിവാക്കുന്നതിന് പാലവും റോഡും നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നതോടൊപ്പം മരിച്ചവരുടെ ആശ്രിതർക്ക് സഹായം നൽകാൻ കഴിയുമോ എന്നുള്ള കാര്യംകൂടി ഗവൺമെന്റ് വളരെ ഗൗരവമായി പരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മരിച്ചവരിൽ ഒരാൾ അങ്ങയുടെ നിയോജകമണ്ഡലത്തിൽപ്പെട്ട കാഞ്ഞാണിയിലുള്ള ഒരു വിദ്യാർത്ഥിയാണ്. മരിച്ച വിദ്യാർത്ഥികളുടെ പേരുവിവരവും പത്രത്തിൽ വന്നിട്ടുണ്ട്. എങ്കിലും മരിച്ചവരിൽ മുഴുവൻപേരും തൃശൂർ ജില്ലയിൽപ്പെട്ടവരാണ്. കരിയച്ചിറയുള്ള കെ. എൽ. ലോനപ്പന്റെ മകൻ കെ. എൽ. യേശുദാസ്, കൊരട്ടിക്കടുത്ത് തിരുമുടിക്കുന്നിൽ സി. സി. ജോസ്, പാവർട്ടിയിൽ എൽ. എൽ. ലാസറിന്റെ മകൻ എൽ. എൽ. ആൻറണി, കാരാഞ്ചിറ റവ. എ. വർഗ്ഗീസിന്റെ മകൻ ടി. വി. ആന്റോ (17) കാഞ്ഞാണിയിലെ ഒ. എഫ്. ഫ്രാൻസിസിന്റെ മകൻ ഒ. എഫ്. യേശുദാസ് എന്നിവരാണ് മരിച്ചത്. പതിനാറും പതിനേഴും പതിനെട്ടും വയസ്സ് പ്രായമുള്ള വിദ്യാർത്ഥികളും ഒരു പുരോഹിതനുമാണ് മരിച്ചത്. ഇനി ഇത്തരം ഒരു അപകടം സംഭവിക്കാതിരിക്കാൻ കരുതലോടെ ഇരിക്കണമെന്നും ഈ പാലവും റോഡും നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ വളരെ ദൗർഭാഗ്യകരമായ സംഭവമാണ് നവംബർ ഒന്നാം തീയതി വൈകിട്ട് മൂന്നുമണിക്ക് നടന്നത്. എൽത്തുരുത്തു കിസ്സൻറ് അലോഷ്യസ് കോളേജിലെ പ്രൊഫസറായ ഫാദർ ജോസ് വട്ടോലിന്റെ

LIBRARY ARCHIVES Kerala Legislative Assembly

നേതൃത്വത്തിൽ 25 വൈദിക വിദ്യാർത്ഥികളും ഉല്ലാസയാത്രയ്ക്ക് പോവുകയായിരുന്നു. ഉല്ലാസയാത്രയിൽപ്പെട്ട 8 പേർ വൈദികന്റെ നേതൃത്വത്തിൽ വഞ്ചിയിൽ പോകുകയും ബാക്കിയുള്ളവർ ബണ്ടിൽക്കൂടിയുമാണ് പോയത്. കെ. എൽ. യേശുദാസൻ (18), ഒ. എഫ്. യേശുദാസ് (17) എൽ. എൽ. ആൻറണി (17), സി. സി. ജോയ് (17), T. V. ആന്റോ (18), ഇ. കെ. ജോയ് (17), പി. വി. സണ്ണി (18) എന്നീ കുട്ടികളാണ് അപകടത്തിൽപ്പെട്ടത്. മനോഹരൻ എന്ന വള്ളത്തൊഴിലാളിയാണ് വള്ളം തുഴഞ്ഞിരുന്നത്. മനോഹരനും ഇ. കെ. ജോയിയും പി. വി. സണ്ണിയും നീന്തി രക്ഷപ്പെടുകയുണ്ടായി. ബാക്കിയുള്ളവർ മരണപ്പെട്ടു. ഈ പ്രീഡിഗ്രി വിദ്യാർത്ഥികളും ദൗർഭാഗ്യകരമായ സാഹചര്യത്തിൽ മരിച്ചതിൽ ഗവൺമെൻറിനു് അഗാധമായ ഖേദമുണ്ട്. ഡിസ്ട്രിക്ട് കളക്ടറും എസ്. പി. യും ഫയർഫോഴ്സും ഉടൻതന്നെ സംഭവസ്ഥലത്തു എത്തുകയും അടിയന്തിര നടപടികളും സ്വീകരിക്കുകയും ചെയ്തു. ഗവൺമെൻറിന്റെ നിർദ്ദേശം അനുസരിച്ച് മരിച്ച കുട്ടികളുടെ കുടുംബത്തിന് രണ്ടായിരം രൂപ വീതം കളക്ടറുടെ ഫണ്ടിൽ നിന്നും അടിയന്തിരസഹായം എത്തിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്. നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് ഏതു രീതിയിൽ അവരെ സഹായിക്കാൻ കഴിയുമെന്ന് ഗവൺമെൻറ് പരിശോധിക്കുന്നതാണ്. ഇതിനുമുമ്പ് ഇത്തരത്തിലുള്ള അപകടങ്ങളും അവിടെ സംഭവിച്ചിട്ടുള്ളതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപകടകരമായ സാഹചര്യം ഒഴിവാക്കുന്നതിന് പാലവും റോഡുമാണ് ആവശ്യമെങ്കിൽ ഗവൺമെൻറ് തീർച്ചയായും അക്കാര്യത്തെക്കുറിച്ച് പരിശോധിച്ച് വ്യക്തമായ തീരുമാനം എടുക്കുന്നതാണ്.

V. മേശപ്പുറത്തുവച്ച കടലാസുകൾ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) : സർ, മുഖ്യമന്ത്രിക്കു വേണ്ടി താഴെപ്പറയുന്ന കടലാസുകളും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

(1) 1986 ആഗസ്റ്റ് 1-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 251/86/ജി. എ. ഡി. (എസ്. ആർ. ഒ. നമ്പർ 1448/86).

(2) 1986 ആഗസ്റ്റ് 1-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 252/86/ജി. എ. ഡി. (എസ്. ആർ. ഒ. നമ്പർ 1342/86).

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) : സർ, താഴെപ്പറയുന്ന കടലാസുകളും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

(1) 1986 സെപ്റ്റംബർ 29-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 249/86/ഐ. ഡി. (എസ്. ആർ. ഒ. നമ്പർ 1498/86).

(2) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ക്ലിപ്തത്തിന്റെ 1984-85 വർഷത്തേക്കുള്ള മുപ്പത്തിയെട്ടാമത് വാർഷിക റിപ്പോർട്ട്, റിവ്യൂ സഹിതം

(3) കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ക്ലിപ്തത്തിന്റെ 1982-83-ലേക്കുള്ള പതിനാലാമത് വാർഷിക റിപ്പോർട്ടും കണക്കും, റിവ്യൂ സഹിതം.

വനംവകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) : സർ, താഴെ പറയുന്ന കടലാസുകളും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

(1) കേരള സ്റ്റേറ്റ് ഫോറസ്റ്റ് ഡെവലപ്മെൻറ് കോർപ്പറേഷൻ ക്ലിപ്തത്തിന്റെ 1984-ലേക്കുള്ള പത്താമത് വാർഷിക റിപ്പോർട്ട്.

(2) കേരള സ്റ്റേറ്റ് വുഡ് ഇൻഡസ്ട്രീസ് ക്ലിപ്തത്തിന്റെ 1983-84-ലേക്കുള്ള മൂന്നാമത് വാർഷിക റിപ്പോർട്ട്.

LIBRARY ARCHIVES Kerala Legislative Assembly